# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഭീകരതയ്ക്കെതിരായ നിലപാട് ലോക രാഷ്ട്രങ്ങൾക്ക് മുന്നിൽ ഫലപ്രദമായി വിശദീകരിക്കാൻ ഇന്ത്യൻ സർവ്വകക്ഷി സംഘങ്ങൾക്ക് കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says that the Indian all-party teams were able to effectively explain the country's stance against terrorism to the world.**

2. 2029 ൽ രാജ്യം മൂന്ന് ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉത്പന്ന ഉൽപ്പാദനം ലക്ഷ്യമിടുന്നതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്.

   **The country is targeting a defense production of Rs 3 lakh crore by 2029, says Defence Minister Rajnath Singh.**

3. രാജ്യത്ത് പ്രളയ സാഹചര്യം കൈകാര്യം ചെയ്യാനുള്ള മുന്നൊരുക്ക അവലോകനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉന്നതതല യോഗം വിളിച്ചു.

   **Union Home Minister Amit Shah has called a high-level meeting to review the preparedness to deal with the flood situation in the country.**

4. ഇന്ന് നടത്താനിരുന്ന -ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന്റെ വിക്ഷേപണം വീണ്ടും മാറ്റി വച്ചു.

   **The launch of the Axiom-4 space mission scheduled for today has been postponed again.**

5. കേരളത്തിൽ കാലവർഷം വീണ്ടും സജീവം; അടുത്ത ആറ് ദിവസം വ്യാപക മഴയ്ക്ക് സാധ്യത. 9 ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **Monsoon is active again in Kerala; There is a possibility of widespread rain for the next six days. Yellow alert in 9 districts.**

6. ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് ദക്ഷിണാഫ്രിക്ക- ഓസ്ട്രേലിയ പോരാട്ടം.

   **South Africa-Australia clash in the World Test Cricket Championship final today.**

&&&&&&&&&&&&&&&&&&&&&&

## PM- DELEGATION MEET

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് വിശദീകരിക്കാൻ വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തി തിരിച്ചെത്തിയ സർവ്വകക്ഷി പ്രതിനിധി സംഘവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. സമാധാനത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും ഭീകരവാദ ഭീഷണി ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകതയും വിശദീകരിക്കുന്നതിൽ പ്രതിനിധികൾ നിർണായക പങ്ക് വഹിച്ചതായി ശ്രീ മോദി സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു. പ്രധാനമന്ത്രിയുമായി അംഗങ്ങൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. രാഷ്ട്രസേവനത്തിന് അവസരം നൽകിയതിന് അമേരിക്കൻ പര്യടനത്തിന് നേതൃത്വം നൽകിയ

കോൺഗ്രസ് എംപി ശശി തരൂർ, പ്രധാനമന്ത്രിയെ പ്രശംസിച്ചു. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ദൃഢനിശ്ചയ പോരാട്ടത്തിനും ആഗോള സമാധാനത്തോടുള്ള ഇന്ത്യയുടെ അചഞ്ചലമായ പ്രതിബദ്ധതയ്ക്കും സൗഹൃദ രാഷ്ട്രങ്ങൾ നൽകുന്ന പിന്തുണയെക്കുറിച്ച് പ്രതിനിധി സംഘം പ്രധാനമന്ത്രിയെ അറിയിച്ചതായി ശിവസേനയുടെ ശ്രീകാന്ത് ഷിൻഡെ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## JAISHANKAR – INTERVIEW (INTRO)

അതിർത്തി കടന്നുള്ള ഭീകരത സംബന്ധിച്ച് പാകിസ്ഥാന് മുന്നറിയിപ്പുമായി വിദേശകാര്യ മന്ത്രി ഡോ.എസ്.ജയ്ശങ്കർ. പഹൽഗാം ആക്രമണം പോലുള്ള പ്രവൃത്തികൾ ഉണ്ടായാൽ തീവ്രവാദ സംഘടനകൾക്കും അവരുടെ നേതൃത്വത്തിനും എതിരെ ഇനിയും തിരിച്ചടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഒരു അമേരിക്കൻ ഡിജിറ്റൽ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം പറഞ്ഞത്. പാകിസ്ഥാൻ ആയിരക്കണക്കിന് ഭീകരവാദികളെ പരസ്യമായി പരിശീലിപ്പിക്കുകയും അവരെ ഇന്ത്യയ്ക്ക് നേരെ തിരിച്ച് വിടുകയും ചെയ്യുകയാണെന്നും ശ്രീ.ജയ്ശങ്കർ പറഞ്ഞു.

(ഹോൾഡ് -വോയിസ്)

&&&&&&&&&&&&&&&&&&&&&&

## RAJNATH SINGH–DEFENCE PRODUCTION -1

രാജ്യത്ത് 2029 ആകുമ്പോഴേക്കും 3 ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉത്പന്ന ഉൽപ്പാദനം സർക്കാർ ലക്ഷ്യമിടുന്നതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ **'ദേശീയ സുരക്ഷയും ഭീകരതയും'** എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കവെ, 2029

ൽ പ്രതിരോധ മേഖലയിലെ രാജ്യത്തിന്റെ കയറ്റുമതി 50,000 കോടിയിലെത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രതിരോധ കയറ്റുമതി 23,622 കോടി രൂപയായി ഉയർന്നതായും ശ്രീ.രാജ് നാഥ് സിങ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## RAJNATH SINGH-DEFENCE PRODUCTION -2

ആത്മനിർഭർ ഭാരതിന്റെ ഏറ്റവും ശക്തമായ സ്തംഭങ്ങളിലൊന്നായി രാജ്യത്തിൻറെ പ്രതിരോധ മേഖല ഉയർന്നുവന്നിട്ടുണ്ടെന്നും ഓപ്പറേഷൻ സിന്ദൂരിൽ ഉപയോഗിച്ച ആയുധങ്ങളും പ്ലാറ്റ്ഫോമുകളും ഇന്ത്യയിൽ നിർമ്മിച്ചതാണെന്നും രാജ്യ രക്ഷാമന്ത്രി സിംഗ് പറഞ്ഞു.
ഇന്ത്യ ഇന്ന് പ്രതിരോധ മേഖലയിൽ അതിവേഗം സ്വയംപര്യാപ്തത കൈവരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയിൽ നിർമ്മിച്ച പ്രതിരോധ ഉൽപ്പന്നങ്ങൾ ഏകദേശം 100 രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടെന്നും രജ്യരക്ഷാ മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

## SHAH- FLOOD PREPAREDNESS

രാജ്യത്ത് പ്രളയ സാഹചര്യം കൈകാര്യം ചെയ്യാനുള്ള മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ഉന്നതതല യോഗം വിളിച്ചു. കഴിഞ്ഞ വർഷം നടന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികളും രാജ്യത്തെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിന് സ്വീകരിച്ച ദീർഘകാല നടപടികളും അദ്ദേഹം അവലോകനം ചെയ്തു. വെള്ളപ്പൊക്ക നിയന്ത്രണത്തിനും ജല മാനേജ്മെന്റിനുമായി ബഹിരാകാശ സാങ്കേതികവിദ്യ പരമാവധി ഉപയോഗിക്കണമെന്നും ശ്രീ.ഷാ നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&&&

## AXIOM - 4

ഇന്ന് നടത്താനിരുന്ന ആക്സിയം-4 ബഹിരാകാശ ദൗത്യത്തിൻ്റെ വിക്ഷേപണം വീണ്ടും മാറ്റി വച്ചു. വിക്ഷേപണ വാഹനത്തിൻ്റെ തയ്യാറെടുപ്പിനിടെ പ്രൊപ്പൽഷൻ ബേയിൽ ചോർച്ച കണ്ടെത്തിയ സാഹചര്യത്തിലാണ് വിക്ഷേപണം മാറ്റിയതെന്ന് ഐ എസ് ആർ.ഒ അറിയിച്ചു. തകരാർ പരിഹരിച്ചശേഷം വിക്ഷേപണത്തിനുള്ള പുതിയ തീയതി പ്രഖ്യാപിക്കും. ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗ ത്യത്തിനായി പുറപ്പെടുന്നത്. അമേരിക്കയിലെ കെന്നഡി സ്പെയ്സ് സെൻ്ററിൽ നിന്നും, സ്പെയ്സ് എക്സിൻ്റെ ഡ്രാഗൺ പേടകമാണ് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## RAIN -KERALA

കേരളത്തിൽ കാലവർഷം വീണ്ടും സജീവമാകുന്നു. അടുത്ത 6 ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് നാളെ മുതൽ ഈ മാസം 14 വരെ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&

## WORLD TEST CRICKET

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് ദക്ഷിണാഫ്രിക്കയും ഓസ്ട്രേലിയയും ഏറ്റുമുട്ടും. ഈമാസം 15 വരെയാണ് മത്സരം. ലണ്ടനിലെ ലോഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ശേഷം 3.30 ന് കളി ആരംഭിക്കും.

&&&&&&&&&&&&&&&&&&&&&&

## FOOTBALL

എ.എഫ്.സി ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ മത്സരങ്ങളുടെ രണ്ടാം റൗണ്ടിൽ ഇന്ത്യയുടെ സീനിയർ പുരുഷ ടീം ഹോങ്കോങ്ങിനോട് പരാജയപ്പെട്ടു. ഏകപക്ഷീയമായ ഒരു ഗോളിനായിരുന്നു തോൽവി. ഇൻജുറി ടൈമിൽ സ്റ്റീഫൻ പെരേരയാണ് ഹോങ്കോങ്ങിൻറെ വിജയഗോൾ നേടിയത്.

മറ്റൊരു മത്സരത്തിൽ സിംഗപ്പൂർ ബംഗ്ലാദേശിനെ 2-1 ന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&

## PYUSH GOYAL- SWISS (INTRO)

സ്വിറ്റ്സർലണ്ട് സന്ദർശനത്തിനിടെ ബേണിൽ സ്വിസ് വ്യവസായ പ്രമുഖരുമായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയുഷ് ഗോയൽ കൂടിക്കാഴ്ച നടത്തി. മെഷിനറി, ഇലക്ട്രിക്കൽ & മെറ്റൽ വ്യവസായത്തെക്കുറിച്ചുള്ള വട്ടമേശാ സമ്മേളനത്തിൽ അദ്ദേഹം സ്വിസ് ഫെഡറൽ കൗൺസിലറുമായി ചേർന്ന് അധ്യക്ഷത വഹിച്ചു.

ഇന്ത്യ- സ്വിസ് വ്യാപാര സാമ്പത്തിക പങ്കാളിത്ത കരാറിൻ്റെ പ്രവർത്തനത്തിന് ശേഷം പുതിയ നിക്ഷേപ അവസരങ്ങൾ തുറക്കുന്നതിൽ ഇരു രാജ്യങ്ങളും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയിസ്)

&&&&&&&&&&&&&&&&&&&&&&

## ICG SHIPS-FIRE RESCUE

സിംഗപ്പൂരിൽ നിന്നുള്ള കണ്ടെയ്നർ കപ്പലായ വാൻ ഹായ് 50-ൽ ഉണ്ടായ തീ അണയ്ക്കാനുള്ള ശ്രമം തുടരുന്നു. ഇന്ത്യയുടെ തീരാ സംരക്ഷണസേന കപ്പലുകളാണ് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത്. ബേപ്പൂർ തീരത്ത് നിന്ന് 88 നോട്ടിക്കൽ മൈൽ അകലെയാണ് കപ്പൽ ഇപ്പോഴുള്ളത്. കൊളംബോയിൽ നിന്ന് മുംബൈയിലേക്ക് പോവുകയായിരുന്ന കപ്പലിലെ 22 പേരിൽ കാണാതായ നാല് പേർക്ക് വേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&&&&&

## VKSA-KOLLAM

വികസിത് കൃഷി സങ്കല്പ് അഭിയാൻ്റെ ഭാഗമായ കർഷക സമ്പർക്ക പരിപാടി കേരളത്തിൽ കൊല്ലം ജില്ലയിലെ ഒൻപത് ബ്ലോക്കുകളിൽ പൂർത്തിയായി. ഇന്ന് ചിറ്റുമല, ഇത്തിക്കര ബ്ലോക്കുകളിലാണ് പരിപാടി. കൊല്ലം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ കർഷകരുമായി സംവദിക്കും. ജില്ലയിലെ മുഖ്യവിളകളുടെ കാർഷിക നിർദ്ദേശങ്ങളും, പരിചരണമുറകളും സംബന്ധിച്ച് കൊല്ലം കൃഷിവിജ്ഞാനകേന്ദ്രം തയ്യാറാക്കിയ ലഘുലേഖകൾ കർഷകർക്ക് വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&&&&&

## NILAMPUR BYELECTION

കേരളത്തിൽ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് എട്ട് ദിവസം മാത്രം ശേഷിക്കെ പ്രചാരണം ഊർജ്ജിതം. വരുംദിനങ്ങളിൽ മഴ കനക്കാനിടയുണ്ടെന്ന കാലാവസ്ഥാ സൂചനകൾക്കിടെ പ്രചാരണച്ചൂടൊഴിയാതെ പരമാവധി വോട്ടർമാരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാൻ പദ്ധതികൾ ആസൂതണം ചെയ്തിരിക്കയാണ് മുന്നണികൾ. മന്ത്രിമാരുടെ വൻ നിര എൽ.ഡി.എഫിനായും പ്രതിപക്ഷ നേതാവും സംഘവും UDF നായും സംസ്ഥാന നേതാക്കൾ BJP യ്ക്കായും പ്രചാരണരംഗത്തുണ്ട്. സ്വതന്ത്ര സ്ഥാനാർഥി പി.വി.അൻവർ പ്രചാരണ രംഗത്ത് സജീവമാണ്.

&&&&&&&&&&&&&&&&&&&&&&

## YOGA REGISTRATION

അന്താരാഷ്ട്ര യോഗാ ദിനാചരണത്തിൻറെ ഭാഗമായി നടക്കുന്ന യോഗ സംഗമത്തിൽ പങ്കെടുക്കുന്നതിനായി ഇതിനകം 50,000 ത്തിലധികം സംഘടനകൾ രജിസ്ട്രേഷൻ പൂർത്തിയാക്കി. ഈ മാസം 21 ന് രാവിലെ 6.30 മുതൽ 7.45 വരെയാണ് രാജ്യത്തുടനീളം ഒരേസമയം യോഗ സംഗമം സംഘടിപ്പിക്കുന്നത്. *ഭൂമിക്കും ഏകാരോഗ്യത്തിനുമായി യോഗ* എന്നതാണ് ഈ വർഷത്തെ യോഗാ ദിനാചരണ പ്രമേയം. ഒരു ലക്ഷം സ്ഥലങ്ങളിൽ യോഗ സംഗമം സംഘടിപ്പിക്കാനാണ് ആയുഷ് മന്ത്രാലയം ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&&&&&

## AUSTRIA-SHOOTING

ഓസ്ട്രിയൻ നഗരമായ ഗ്രാസിലെ ഒരു സ്കൂളിൽ നടന്ന വെടിവയ്പ്പിൽ പത്ത് പേർ കൊല്ലപ്പെടുകയും 12 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിന് പിന്നാലെ പൂർവ്വ

വിദ്യാർത്ഥിയായ 21 കാരനായ തോക്കുധാരി സ്കൂളിലെ ശുചി മുറിയിൽ ആത്മഹത്യ ചെയ്തതായി പോലീസ് പറഞ്ഞു.

പ്രതിയെന്ന് സംശയിക്കപ്പെടുന്ന സ്കൂളിലെ മുൻവിദ്യാർത്ഥി ഉൾപ്പെടെ വിദ്യാർത്ഥികളും അധ്യാപകരും കൊല്ലപ്പെട്ടവരിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായി ഓസ്ട്രിയൻ ആഭ്യന്തര മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## PREZ-GERMANY VISIT

ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായക ഇന്ന് ജർമ്മനി സന്ദർശിക്കും. ജർമ്മൻ പ്രസിഡന്റ് ഫ്രാങ്ക്-വാൾട്ടർ സ്റ്റെയിൻമിയറുടെ ക്ഷണപ്രകാരമാന് സന്ദർശനം.

ഇരു രാജ്യങ്ങളും വ്യാപാരം, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, നിക്ഷേപം, തൊഴിൽ പരിശീലനം എന്നിവയിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനായി ഉഭയകക്ഷി ചർച്ചകളിൽ ഏർപ്പെടും. ജർമ്മനിയുടെ ടൂറിസം, യാത്രാ മേഖലകളിൽ നിന്നുള്ള പ്രതിനിധികളുമായും ശ്രീലങ്കൻ പ്രസിഡന്റ് കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&&&&&

## INDIA - UAE MEETS

ഇന്ത്യൻ പാർലമെന്ററി സംരംഭങ്ങൾക്ക് യു.എ.ഇ നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിച്ച് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. അബുദാബിയിൽ മുതിർന്ന യു.എ.ഇ ഉദ്യോഗസ്ഥരുമായി ഇന്നലെ കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. യു.എ.ഇ. മന്ത്രി ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനുമായും യു.എ.ഇ ഫെഡറൽ നാഷണൽ കൗൺസിലിന്റെ പ്രതിരോധ, ആഭ്യന്തര, വിദേശകാര്യ കമ്മിറ്റി ചെയർമാൻ അലി റാഷിദ് അൽ നുഐമിയുമായും അദ്ദേഹം ചർച്ച

നടത്തി. ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയിൽ നിന്നുള്ള ഉന്നതതല സർവകക്ഷി പ്രതിനിധി സംഘം യു.എ.ഇ സന്ദർശിച്ചതിനെ തുടർന്നാണ് കൂടിക്കാഴ്ചകൾ നടന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&